ഉത്തരം

(എ) 40 (നാല്പത്).

(ബി) 12 ചീഫ് എൻജിനീയർമാരും 35 സൂപ്രണ്ടിംഗ് എൻജിനീയർമാരും ഉണ്ടായിരുന്നു.

പൊതുമരാമത്ത് വകുപ്പിലെ സി. എൽ. ആർ. എസ്. എൽ. ആർ. ജീവനക്കാർ

1162. [1741] ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. വി. സുരേന്ദ്രനാഥ് :
ഡോ. എം സുബ്ബറാവു :
ശ്രീ. എം. കെ. കേശവൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നുള്ള 1981-ലെ ഗവൺമെൻറ് ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതു നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ സി. എൽ. ആർ., എസ്. എൽ. ആർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ 1981-ൽ ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പെരകമണ്ണ-കുഴുംപറമ്പ് റോഡ്

1163. [1749] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1975-ൽ പി. ഡബ്ളിയു. ഡി. ഏറെടുത്ത പെരകമണ്ണ-കുഴുംപറമ്പ് റോഡ് നിർമ്മാണത്തിന് കോൺട്രാക്ട് കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ അതിന്റെ പണി നടക്കുന്നുണ്ടോ ;

(സി) ഈ വർഷം പണി പൂർത്തിയാക്കുമോ ?

ഉത്തരം

(എ) 11-9-1980-ൽ ഏറെടുക്കാൻ ഉത്തരവായ പെരകമണ്ണ കുഴുംപറമ്പ് റോഡിന്റെ നിർമ്മാണത്തിന് കോൺട്രാക്ടർ കൊടുത്തിട്ടില്ല.

(ബി & സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly